
**Volume 06**
**Issue 47**
**10 April, 2016**

**Is 56:1-7**
**Act 5:34-42**
**Eph 1:3-14**
**Jn 14:1-14**




# വഴി വിളക്കാവുന്ന പ്രത്യാശ

Rev Bro
Anoop
Edayileveettil

കാലങ്ങളേറെ താണ്ടിയാലും കരുതലോടെ എന്നും യാത്രക്കിടയിൽ വായിച്ചു മറന്നുപോയ പരസ്യ വാചകങ്ങളിൽ ഒന്ന്.

ജീവിതയാത്രയിൽ കരുതലോടെ പാതയുടെ പ്രകാശമായി കൂടെയുള്ളവനിലേയ്ക്കാണ് ഇന്നത്തെ സുവിശേഷം വിരൽ ചൂണ്ടുന്നത്. ലക്ഷ്യമില്ലാതെ പായുന്ന ആധുനിക ജനതയ്ക്ക് ഇതൊരു ആശ്വാസവചനമാണ്. ഉത്ഥാനനുഭവത്തിന്റെ ജ്വലിക്കുന്ന പ്രത്യാശയുടെ ചിന്തകൾ മനസിൽ നിറഞ്ഞു നിൽക്കുമ്പോൾ തന്നെയാണ് വീണ്ടുമൊരു വലിയ ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയുമൊക്കെ ദൂതുമായി വചനമാകുന്ന ഈശോ നമ്മിലേയ്ക്കു കടന്നു വരിക.

യേശു തന്റെ വാക്കുകൾ ആരംഭിക്കുന്നത് ഇപ്രകാരമാണ്. നിങ്ങളുടെ “ഹൃദയം അസ്വസ്ഥമാകേണ്ട, ദൈവത്തിൽവിശ്വസിക്കുവിൻ എന്നിലും വിശ്വസിക്കുവിൻ”. ഒട്ടനവധി അസ്വസ്ഥതകൾ മനുഷ്യനെ ഇന്ന് വേട്ടയാടുന്നുണ്ട്. ആധുനിക മനുഷ്യന്റെ ജീവിതത്തെ ഭാരപ്പെടുത്തുന്ന വലിയ ദ്രോഹമാണ് ടെൻഷൻ. ദാരിദ്ര്യത്തെക്കുറിച്ച്, രോഗത്തെക്കുറിച്ച്, ജീവിതാവസ്ഥയെക്കുറിച്ച്, എല്ലാമെല്ലാമായ് അസ്വസ്ഥത അനുഭവിക്കുകയാണ് മനുഷ്യൻ. എല്ലാം ഭാരങ്ങളും ആകുലതകളുമായി നമുക്ക് അണയുവാനുള്ള ആശ്രയകേന്ദ്രം ഈശോ തന്നെയാണ്. അവിടുന്ന് ഇന്നും എന്നും നമ്മെ ആശ്വസിപ്പിക്കുന്നു. “അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എന്റെയടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം” എന്ന അവിടുത്തെ വചനം നമുക്ക് കൂടുതൽ കരുത്തേകുന്നു.

തോമസിനെ നോക്കികൊണ്ട് ലോകത്തെ മുഴുവനുമായി യേശു പറഞ്ഞു “നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക,എന്റെ കൈകൾ കണുക നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക”.പിന്നിട് യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായം 9-ാം വാക്യത്തിൽ നല്ല ഇടയനായി തന്നെതന്നെ അവതരിപ്പിച്ചുകൊണ്ട് യേശു പറഞ്ഞു വയ്ക്കുന്നത് ഇപ്രകാരമാണ്. “ഞാനാണ് വാതിൽ എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും”. വീണ്ടും ഹെബ്രാർക്കുള്ള ലേഖനം 10-ാം അദ്ധ്യായം 20-ൽ നാം വായിക്കുന്നു. “എന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും

സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു.'' നമ്മുടെയൊക്കെ ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യത്തിലേയ്ക്കുള്ള നിത്യ ജീവന്റെ പാത താനാണെന്ന് യേശു വ്യക്തമാക്കിതരുകയാണിവിടെ. എന്നാൽ യേശുവിന്റെ വചനത്തെ ആഴത്തിൽ മനസിലാക്കുമ്പോൾ നാം മനസിലാക്കേണ്ട മറ്റൊരു വസ്തുത കൂടിയുണ്ടിവിടെ. ലക്ഷ്യവും മാർഗവും ഒന്നായി തീരുന്ന ക്രിസ്തു, പിതാവിലേയ്ക്കുള്ള വഴി മാത്രമല്ല പി താവു മായി ഒന്നായിരിക്കുന്നവൻ കൂടിയാണ്. പിതാവുതന്നെയാണ്.

ദൈവമാണ് സത്യം ദൈവമാണു ജീവൻ സത്യവും ജീവനും ദൈവത്തിന്റെ സ്വന്തം തന്നെയാണ്. പുത്രൻ വഴി മാത്രമല്ല സത്യവും ജീവനുമാണ്. പിതാവിന്റെ ജീവനും പി താവിന്റെ സത്യവും പ്രകടിതമാകുന്നുത് പുത്ര നിലൂടെയാണ്. ഈ വിധത്തിൽ നോക്കുമ്പോൾ പുത്രൻ പി താവിലേയ്ക്കുള്ള വഴി മാത്രമല്ല പിതാവിന് സ്വയം വെളിപ്പെടുത്തുവാനുള്ള മാർഗ്ഗം കൂടിയാണ്.

ആധുനികതയുടെ സുഖവും കൂടുതൽ സുഖങ്ങൾക്കുവേണ്ടിയുള്ള കണ്ടുപി ടുത്തങ്ങൾക്കുമിടയിൽ താൻ സഞ്ചരിക്കേണ്ട വഴികളെ മനുഷ്യൻ മറന്നുപോയി എന്നതാണു സത്യം. അവന്റെ കണ്ണുകളിൽ അന്ധകാരം നിറഞ്ഞു. അവന്റെ പ ാതങ്ങളിടറി. ഇവിടെയാണു മനുഷ്യൻ തേടും തോറും തൃപ്തി തരാത്ത ആഗ്രഹങ്ങൾക്കും മോഹങ്ങൾക്കും പുറകേ നിരാശരായി യാത്രതുടരുന്നത്. പരിചിതമല്ലാത്ത ഒരിടത്ത് ഒറ്റയ്ക്ക് അകപ്പെട്ടുപോയാൽ സത്യസന്ധനായ ഒരു വഴികാട്ടിയെ കിട്ടുകയെന്നത് ഏതൊരാൾക്കും വലിയ ആശ്വാസം നൽകുന്നതാണ്. നമ്മുടെയൊക്കെ താൽക്കാലിക വാസസ്ഥലം മാത്രമായ ഈ ലോകത്തിന്റെ മായാവലയത്തിൽ കുടുങ്ങിപോയ ഓരോ മനുഷ്യനും വഴികാട്ടുന്ന വഴികാട്ടിയായി വചനത്തിലൂടെ കടന്നു വരികയാണ്. വഴികാട്ടുന്നവന്റെ കാലടി പാതകളെ പിൻതുടരുകയാണ് നമ്മുടെ കടമ. അതുമാ ത്രമായിരിക്കണം നമുടെ ജീവിതലക്ഷ്യം.

ഇസ്രേയേൽ ജനത്തിന്റെ വാഗ്ദാന നാട്ടിലേയ്ക്കുള്ള യാത്രയിൽ അഗ്നിയും മേഘവുമായി അവരെ വഴിനടത്തിയവൻ തന്നെയാണ് മനുഷ്യപുത്രനായി മണ്ണിലവതരിച്ച് പരിശുദ്ധ കുർബാനയായിത്തീർന്നുകൊണ്ട് നമ്മുടെ കൂടെയുള്ളത്. ഈ വിശുദ്ധ കുർബാനയും തിരുവചനവും മാത്രമായിരിക്കണം നമ്മുടെ ജീവിതത്തിന്റെ വഴി വിളക്കും വഴികാട്ടിയും. തന്റെ ജീവിതത്തിന്റെ യഥാർത്ഥ പാതകളിലേയ്ക്കു വഴി ചൂണ്ടു ന്നവനെ തിരിച്ചറിയാതെ പോകുമ്പോഴാണ് മന്നിലുയർത്തപ്പെടുന്ന ഗോപുരങ്ങൾ പോലെ നമ്മുടെ ജീവിതവും നിഷ്പ്രയാസം തകർന്ന് പോകുന്നതും നിരാശയിലേക്ക് വഴുതിവീഴുന്നതും.

“ഞാനാണ് വഴിയും സത്യവും ജീവനു”മെന്ന പ്രഖ്യാപിക്കുന്ന ക്രിസ്തു ഒരു താക്കിതുപോലെ തുടർന്നു പറഞ്ഞുവയ്ക്കുക ഇപ്രകാരമാണ് “എന്നിലൂടെയല്ലാതെ ആരും പി താവിന്റെ അടുക്കലേയ്ക്കു വരുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ പി താവിനെയും അറിയുമായിരുന്നു”. കുരിശിൽ തകർക്കപ്പെട്ടവനോടുകൂടി ദുഃഖിക്കുകയും ഉയിർപ്പിക്കപ്പെട്ടവനോടുകൂടിയുള്ള പ്രകാശവും കൈലേന്തി അവന്റെ പ ാത പിൻചെല്ലാൻ നമുക്കെന്തേ സാധിക്കാതെ പോകുന്നുവെന്ന് നാം ചിന്തിക്കേണ്ട ിയിരിക്കുന്നു. പുത്തൻ കണ്ടു പിടുത്തങ്ങൾ ജീവിതത്തിന്റെ ഗതി നിർണ്ണയിക്കുമ്പോൾ വിശ്വാസവും ആത്മീയ ജീവിതവും മനുഷ്യന് വിരസവും ഭാരവുമായി തീരുന്നു. ഭൗതികതയുടെ ആകർഷണവും അതിനോടുള്ള അതിമോഹവും മനുഷ്യന്റെ കണ്ണുകൾക്ക് ദൈവമുഖത്തെ മറയ്ക്കുന്ന തിരശീലയായി മാറുന്നു. എന്റെ ഹൃദയവാതില ുകൾ ദൈവത്തിനു മുൻപിൽ അടയ്ക്കപ്പെടുമ്പോൾ അസ്വസ്ഥതകളും ആകുലതകളും നമ്മുടെ അന്തരംഗത്തെ കീഴടക്കുന്നു. പ്രത്യാശയുടെ വെളിച്ചം നമ്മിൽ ഇല്ലാതാകുന്നു. ഒന്നോർക്കുക ഈശോ നമുക്കായി സ്ഥലമൊരുക്കാൻ പോകുന്നത് അവനായിരിക്കുന്നടത്ത് നമ്മളും ആയിരിക്കുന്നതിനുവേണ്ടിയാണ്. അതവന്റെ ഇഷ്ടമാണ്. അതിനാൽ പ്രിയമുള്ളവരെ തമ്പുരാന്റെ കൂടെയുള്ള സഹവാസത്തിന്റെ മുന്നാസ്വാദനമായിരിക്കണം നമ്മുടെ ഇഹലോക ജീവിതവും പദ്ധതികളും പ്ലാനുകളുമൊക്കെ. തിരക്കേറുന്ന ജീവിതയാത്രയിൽ അവനായി മാറ്റി വയ്ക്കുവാനും നാം സമയം കണ്ടെത്തണം. വെളിച്ചമായവന്റെ കൂടെയിരുന്ന് ജീവിതം പ്ര കാശിതമാക്കാനും ജീവനേകുന്നവന് ജീവിതം തന്നെ വിട്ടുകൊടുക്കുവാനും നമുക്ക് സാ ധിക്കുമ്പോഴാണ് ക്രിസ്തുവിന്റെ പാതകളെ പിൻതുടരുന്ന യഥാർ ത്ഥ ക്രിസ്ത്യാനിയായിട്ട് ജീവിക്കുവാൻ സാധിക്കുകയുള്ളു.

വഴിയും സത്യവും ജീവനുമായവനാണ് വി കുർബാനയിലൂടെ നമ്മിലേയ്ക്കു എഴുന്നള്ളി വരുന്നത്. അവൻ നമ്മുടെ ജീവിതത്തിന് പ്രത്യാശയേകുന്ന വഴിവിളക്കാകട്ടെ.